**ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം**

*(പബ്ലിക് ഓഫീസ് ബിൽഡിംഗ്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം-33)*

(ഹാജർ:കെ.ബിജു ഐ എ എസ്)

---

**നം:എൽ.ആർ.സി4-7251/20** **തീയതി:05.10.2020**

---

വിഷയം : കൊച്ചി മെട്രോ - ആർ&ആർ പാക്കേജ് - നടപടിക്രമത്തിൽ ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന :
1. ലാൻഡ് റവന്യൂ കമ്മീഷണറുടെ 11.03.2020 -ലെ എൽ.ആർ.സി4-7251/2020 നമ്പർ നടപടിക്രമം.
2. എറണാകുളം ജില്ലാ കളക്ടറുടെ 15.09.2020 -ലെ സി12-197/19 നമ്പർ കത്ത്.

കൊച്ചി മെട്രോയ്ക്ക് വേണ്ടി ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ കാക്കനാട് ഇൻഫോ പാർക്ക് വരെയുള്ള റോഡ് വികസനത്തിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് കുടിയിറക്കപ്പെടുന്നവർക്കുള്ള ആർ & ആർ പാക്കേജ് സൂചന (1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ടി ഉത്തരവിൽ ഭേദഗതികൾ വരുത്തി ഉത്തരവാകണമെന്ന് സൂചന (2) പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

സൂചന (1) പ്രകാരമുള്ള നടപടിക്രമത്തിൽ ക്രമ നമ്പർ 29, 30, 49 പ്രകാരമുള്ള കക്ഷികൾക്ക് 610000/- അനുവദിച്ചിരുന്നു. പ്രസ്തുത കക്ഷികൾക്ക് 2,00,000/- ഉം ക്രമ നമ്പർ 2, 4 എന്നിവർ ഭാര്യാഭർത്താക്കന്മാർ ആയതിനാൽ ശ്രീ.ഉണ്ണികൃഷ്ണൻ.കെ.ആർ -ന് 5,00,000/- നൽകുന്നതിൽനിന്നും ഒഴിവാക്കേണ്ടതാണെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുള്ളതാണ്.

ജില്ലാ കളക്ടർ സമർപ്പിച്ച ഭേദഗതി ശുപാർശ ചുവടെ ചേർക്കുന്നു.

| വില്ലേജ് | ക്രമ നമ്പർ | പേര് | സൂചന (1) നടപടിക്രമം ഉത്തരവായ തുക | മാറ്റം വരുത്തി അനുവദിക്കുന്ന തുക |
|---|---|---|---|---|
| ഇടപ്പള്ളി | 4 | ഉണ്ണികൃഷ്ണൻ.കെ.ആർ | 6,10,000/- | 1,10,000/- |
| വാഴക്കാല | 29 | രാധാകൃഷ്ണൻ.റ്റി | 6,10,000/- | 2,00,000/- |
| വാഴക്കാല | 30 | ലൈഫ് ഡേവിഡ് | 6,10,000/- | 2,00,000/- |
| വാഴക്കാല | 49 | രാജേഷ്.സി.എസ് | 6,10,000/- | 2,00,000/- |

മേൽ പ്രസ്താവിച്ച പ്രകാരം ജില്ലാ കളക്ടർ സമർപ്പിച്ച ഭേദഗതി ശുപാർശ അംഗീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)
കമ്മീഷണർ.

പകർപ്പ് :-
ജില്ലാ കളക്ടർ,
എറണാകുളം.

ഉത്തരവിൻപ്രകാരം,

സൂപ്രണ്ട്.

T4.